"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കണ്ണൂർ, കാസർഗോഡ് ജില്ലാ ഓഫീസുകളിലെ ദിവസവേതന ജീവനക്കാർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത **WP(C) No. 18856/2026** കേസിലെ **02.06.2026** - ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.**832/2026/LBR** തീയതി,തിരുവനന്തപുരം, **31-07-2026**

---

പരാമർശം:- **1.** സർക്കുലർ നമ്പർ.**55/2022**/ധന തീയതി **08.07.2022.**

**2. WP(C) No. 18856/2026** കേസിൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച **02.06.2026** - ലെ വിധിന്യായം.

**ഉത്തരവ്**

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കണ്ണൂർ, കാസർഗോഡ് ജില്ലാ ഓഫീസുകളിൽ കഴിഞ്ഞ **10** വർഷത്തോളമായി ജോലി ചെയ്തുവരുന്ന ദിവസവേതന ജീവനക്കാരെ സ്ഥിരപ്പെടുത്തുകയോ **(Regularization)** അല്ലെങ്കിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമിക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. സിന്ധു റ്റി.ഡി ഉൾപ്പെടെയുള്ള ഹർജിക്കാർ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നം. **18856/2026** ഫയൽ ചെയ്യുകയും, ബഹു. ഹൈക്കോടതി മേൽ റിട്ട് പെറ്റീഷനിമേൽ **02.06.2026** - ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, ഹർജിക്കാർ സമർപ്പിച്ച **Ext.P3, Ext.P5** എന്നീ അപേക്ഷകളിൽ, ഹർജിക്കാർക്കും, **2,3** എതിർകക്ഷികൾക്കും നേരിട്ട് കേൾക്കാനുള്ള അവസരം നൽകിയ ശേഷം, ഒന്നാം എതിർകക്ഷി (സർക്കാർ) വിധിപ്പകർപ്പ് ലഭിക്കുന്ന തീയതി മുതൽ പരമാവധി രണ്ട് മാസത്തിനുള്ളിൽ ടി വിഷയത്തിൽ തീർപ്പ് കല്പിക്കുവാൻ പരാമർശം **(2)** പ്രകാരം നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

**(2)** ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പരാതിക്കാരെയും **2,3** എതിർകക്ഷികളെയും നേരിൽ കേൾക്കുവാൻ തൊഴിലും

നൈപുണ്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തൊഴിൽ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി ഹർജിക്കാരെയും, എതിർകക്ഷികളെയും **14.07.2026** - ന് നേരിൽ കേൾക്കുകയുണ്ടായി.

(3) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കണ്ണൂർ, കാസർഗോഡ് ജില്ലാ ഓഫീസുകളിൽ ജോലി ചെയ്തുവരുന്ന ദിവസവേതന ജീവനക്കാരായ തങ്ങൾ ബോർഡിൽ ദീർഘകാലമായി തുടർച്ചയായി ജോലി ചെയ്തുവരുന്നതിനാൽ സേവനം ക്രമപ്പെടുത്തുകയോ **(Regularization)** അല്ലെങ്കിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ഉൾക്കൊള്ളിക്കുകയോ ചെയ്യണമെന്നും, ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണെങ്കിലും, ജില്ലാ ഓഫീസിലെ സ്ഥിര ജീവനക്കാരുടേതിന് തുല്യവും, ബോർഡിന്റെ നിലനിൽപ്പിനു തന്നെ അത്യന്താപേക്ഷിതവുമായ ജോലിയാണ് നിലവിൽ ചെയ്തു വരുന്നതെന്നും, ദീർഘകാലം ഈ ബോർഡിൽ ജോലി ചെയ്തുവരുന്നതിനാൽ മറ്റു ജോലിയ്ക്ക് അപേക്ഷിക്കുന്നതിനുള്ള വയസ്സ് അധികരിച്ചത് കാരണം പലർക്കും മറ്റൊരു ജോലിക്ക് അപേക്ഷിക്കാൻ പറ്റാത്ത നിസ്സഹായാവസ്ഥ ആണുള്ളതെന്നും ആയതിനാൽ തങ്ങളെ സ്ഥിരപ്പെടുത്തുകയോ **(Regularization)** അല്ലെങ്കിൽ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമിക്കുകയോ ചെയ്യണമെന്നും ഹർജിക്കാർ ഹിയറിംഗ് സമയത്ത് ആവശ്യപ്പെടുകയുണ്ടായി.

(4) അടിയന്തരവും അധികവുമായ ജോലികൾ തീർപ്പാക്കുന്നതിനായി താൽക്കാലികമായി മനുഷ്യപ്രവൃത്തി ദിനാടിസ്ഥാനത്തിൽ മാത്രമാണ് ഹർജിക്കാരെ നിയോഗിച്ചിട്ടുള്ളതെന്നും, ബോർഡിന്റെ സ്പെഷ്യൽ റൂൾസ് അനുസരിച്ച്, അംഗീകൃത തസ്തികകളിലേക്കുള്ള എല്ലാ നിയമനങ്ങളും കേരള പബ്ലിക് സർവീസ് കമ്മീഷൻ **(KPSC)** വഴി മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ എന്നും, താൽക്കാലിക ജീവനക്കാർക്ക് അവർ ജോലി ചെയ്ത ദിവസങ്ങളിലെ വേതനം മാത്രമേ നൽകുന്നുള്ളൂ (അവധിക്കാല വേതനം നൽകുന്നില്ല) എന്നതിനാൽ നിയമപരമായി ഇവർക്ക് 'തുടർച്ചയായ സേവനം' **(Continuous Service)** ഇല്ലായെന്നും, ഹർജിക്കാർ നിർവ്വഹിക്കുന്ന ജോലി സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള സ്ഥിരം തസ്തികകളിലേയ്ക്കല്ലായെന്നും, കേവലം താൽക്കാലിക തസ്തികകളിലുള്ളതാണെന്നും കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ ഹിയറിംഗ് സമയത്ത് അറിയിക്കുകയുണ്ടായി.

(5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അടിയന്തരവും അധികവുമായ ജോലികൾ തീർപ്പാക്കുന്നതിനായി, താൽക്കാലികമായി മനുഷ്യ പ്രവൃത്തിദിനാടിസ്ഥാനത്തിൽ **(daily wage/man-day basis)** മാത്രമാണ് മേൽപ്പറഞ്ഞ ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതെന്നതിനാലും ടിയാളുകൾക്ക് ഏതൊരുവിധ നിയമന ഉത്തരവുകളും നൽകിയിട്ടില്ല എന്നതിനാലും ,

**05.10.2000**-ലെ സഉ(കൈ)നം. **95/2000**/തൊഴിൽ പ്രകാരമുള്ള ബോർഡിന്റെ സ്പെഷ്യൽ റൂൾസ് അനുസരിച്ച്, അംഗീകൃത തസ്തികകളിലേക്കുള്ള എല്ലാ നിയമനങ്ങളും കേരള പബ്ലിക് സർവീസ് കമ്മീഷൻ **(KPSC)** വഴി മാത്രമേ നടത്താൻ പാടുള്ളൂ എന്നതിനാലും, താൽക്കാലിക ജീവനക്കാർക്ക് അവർ ജോലി ചെയ്ത ദിവസങ്ങളിലെ വേതനത്തിന് മാത്രമേ അർഹതയുള്ളുവെന്നതിനാലും, പരാമർശം **(1)** - ലെ **Clause** നമ്പർ **(Vii)** പ്രകാരം ഹർജിക്കാരുടെ സ്ഥിരം നിയമനത്തിനുള്ള അപേക്ഷ പരിഗണിക്കാൻ കഴിയില്ല എന്നതിനാലും, ഹർജിക്കാരുടെ സ്ഥിരനിയമനത്തിനുള്ള **(Regularization)** ആവശ്യവും, സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകണമെന്ന ഹർജിക്കാരുടെ ആവശ്യവും നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരം പരിഗണിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ, പ്രസ്തുത ആവശ്യം നിരസിച്ചുകൊണ്ടും, പരാമർശം **(2)** - ലെ ബഹു. ഹൈക്കോടതി നിർദ്ദേശം ഇപ്രകാരം പാലിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീബ ജോർജ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കൊല്ലം.
**WP(C) No. 18856/2026** കേസിലെ ഹർജിക്കാർക്ക്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ